(ജി) പേരൂർക്കട ഡിപ്പോയിൽ അനുവദിക്കപ്പെട്ട മുഴുവൻ സർവ്വീസുകളും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 241 സർവ്വീസുകൾ കൃാൻസൽ ചെയ്തിട്ടുണ്ട്.

(ബി) ഡ്യൂട്ടി നമ്പർ 42, 55, 73, 74-എ എന്നിവ സർവ്വീസ് നടത്തിയിട്ടില്ല. ഡ്യൂട്ടി നമ്പർ 54 രണ്ട് ദിവസം സർവ്വീസ് നടത്തിയിട്ടുണ്ട്.

(സി) ഏറ്റവും വരുമാനം കുറവും, കോർപ്പറേഷന് നഷ്ടം വരുത്തുന്നതും കാരണമാണ് ടി സർവ്വീസുകൾ കൃാസൽ ചെയ്തത്. ബസ്സുകളുടെ അപര്യാപ്തതയും ജീവനക്കാരുടെ കുറവും സർവ്വീസ് കൃാൻസലേഷന്റെ മറ്റൊരു കാരണമാണ്.

(ഡി) ഡ്യൂട്ടി നമ്പർ 27 രണ്ട് ദിവസവും, 64-എ 18 ദിവസവും, 72, 72-എ എന്നിവ ഇരുപത് ദിവസവും, 74 ഒൻപത് ദിവസവും, 79 പത്ത് ദിവസവും, 82 ഒരു ദിവസവും സർവ്വീസ് നടത്തിയിട്ടുണ്ട്. ഡ്യൂട്ടി നമ്പർ 73-എ, 78-എ എന്നിവ സർവ്വീസ് നടത്തിയിട്ടില്ല.

(ഇ) നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ചു യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ സർവ്വീസ് നടത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപണികൾക്കായി റൗണ്ട്ഷോപ്പുകളിൽ ഇട്ടിരിക്കുന്ന ബസ്സുകളുടെ പണികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും അവ നിരത്തിലിറക്കുന്നതിനും, പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനും അങ്ങനെ കൃാൻസലേഷൻ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഒരു പുതിയ മിനി ബസ് അനുവദിച്ചിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചാത്തന്നൂരിലെ കെ. എസ്. ആർ. ടി. സി. യുടെ നിർദ്ദിഷ്ട ഡീസൽ പമ്പ്

101 [1307] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയ്ക്ക് അനുവദിച്ച ഡീസൽ പമ്പിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീയതി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly